# SYRO-MALABAR CATHOLIC EPARCHY OF MISSISSAUGA

For the Glory of God

Prot. No: 69/2020 June 11, 2020

മിശിഹായിൽ പ്രിയ വൈദികരേ, സഹോദരീ സഹോദരന്മാരേ,

ദൈവാരാധന (ലിറ്റർജി) ക്രൈസ്തവ പരമ്പര്യത്തിൽ ദൈവത്തിന്റെ പ്രവർത്തിയിലുള്ള ദൈവജനത്തിന്റെ പങ്കുചേരലാണ്. "ലിറ്റർജിയിലൂടെ, നമ്മുടെ രക്ഷകനും പ്രധാന പുരോഹിതനുമായ ക്രിസ്തു, തന്റെ സഭയിൽ, സഭയിലൂടെ നമ്മുടെ രക്ഷാകര കർമ്മം തുടർന്നുകൊണ്ടിരിക്കുന്നു"(CCC1069). അതിനാൽ തിരുസഭയുടെ ഏറ്റവും ശ്രേഷ്ഠമായ പ്രവർത്തി ദൈവാരാധനയാണ്. "സഭ സഭയായി തീരുന്നത് വി.കുർബ്ബാനയുടെ ആഘോഷത്തിലാണ്. സഭ പടുത്തുയർത്തപ്പെടുന്നതും വളരുന്നതും വി.കുർബ്ബാനയിലാണ് ". (സഭൈക്യം-15). അതിനാൽ "വി.കുർബ്ബാനയെ അടിസ്ഥാനമാക്കി അല്ലാതെ ഒരു ക്രിസ്തീയ സമൂഹം കെട്ടിപ്പടുക്കാനാവില്ല"(വൈദീകർ-6) എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ അസന്നിഗ്ദമായി പഠിപ്പിക്കുന്നു. വി.കുർബ്ബാന വിശ്വസിക്കേണ്ടതും ആഘോഷിക്കേണ്ടതും ജീവിക്കേണ്ടതുമായ മഹാരഹസ്യമാണ്.

നമ്മുടെ രുപത 2020 സെപ്തംബർ 19 ന് ആറാം വയസ്സിലേക്ക് പ്രവേശിക്കുകയാണ്. ശൈശവദശയിൽ നിന്ന് ബാല്യത്തിലേക്ക് ചുവടുവെക്കുമ്പോൾ നമ്മുക്ക് ദൈവത്തിന് നന്ദി പറയാം. സ്വന്തമായി ദൈവാലയങ്ങളോ മറ്റ് അടിസ്ഥാന സൗകര്യങ്ങളോ ഇല്ലാതിരുന്ന അവസ്ഥയിൽ നിന്ന് വളരെയധികം ദൈവം നമ്മെ വളർത്തി. വിശാലമായ കാനഡയിൽ അങ്ങോളമിങ്ങോളം ആരാധനാസമൂഹങ്ങൾ ഒരുക്കിതന്നു. നമ്മുടെ സഭയുടെ ചൈതന്യമനുസരിച്ച് ആരാധനാനുഷ്ഠാനങ്ങൾ നടത്താൻ സ്വന്തമായി ദൈവാലയങ്ങളും മറ്റ് സൗകര്യങ്ങളും നല്ല ദൈവം ക്രമാനുഗതമായി ഒരുക്കിതന്നുക്കൊണ്ടിരിക്കുന്നു.

"ക്രൈസ്തവ ആദ്ധ്യാത്മികതയുടെ ഉറവിടവും ഉച്ചിയു"മായ (Source and Summit) (ജനതകളുടെ പ്രകാശം-11) വി.കുർബ്ബാനക്ക് നമ്മുടെ ജീവിതത്തിലുള്ള പ്രാധാന്യത്തെയും അത് ഏറ്റവും പരിശുദ്ധവും ഫലപ്രദവുമായി ആഘോഷിക്കേണ്ടതിനെപ്പറ്റിയും നാമെല്ലാവരും വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണ്. ഇതിനായി നമ്മുടെ രുപതയിലെ ലിറ്റർജിക്കൽ കമ്മിറ്റി ഏറെ പഠനത്തിനും വിചിന്തനത്തിനും ശേഷം രുപതയിലെ എല്ലാ വൈദികരുമായി കുടിയാലോചിച്ച് രുപതയുടെ ആരാധന സംബന്ധമായ നിയമങ്ങൾ (Liturgical Statues) നമ്മുടെ രുപതയിൽ പ്രാവർത്തികമാക്കുന്നതിനായി നൽകുന്നു.

ബഹുമാനപ്പെട്ട വൈദികർ ഇത് സംബന്ധിച്ച് ആവശ്യകമായ ക്രമീകരണങ്ങൾ നടത്തി, ജൂൺ 19, 2020 – ഈശോയുടെതിരുഹൃദയതിരുന്നാൾ ദിവസം – മുതൽ ഈ നിയമങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

ക്രിസ്തുവിൽ സ്നേഹപൂർവ്വം

മാർ ജോസ് കല്ലുവേലിൽ
മിസ്സിസ്സാഗരുപതയുടെ മെത്രാൻ

NB: ഈ സർക്കുലർ മിസ്സിസ്സാഗ രുപതയിലെ എല്ലാ ഇടവകകളിലും 2020 ജൂൺ 14 ന് വി. കുർബ്ബാന മദ്ധ്യേവായിക്കേണ്ടതാണ്.

Pastoral Center, 6630 Turner Valley Rd, Mississauga, ON L5N 2P1 Canada
Tel: +1 (905) 858-8200, Fax: (905) 858-8208, Email: bishop@syromalabarcanada.org, Web: www.syromalabarcanada.org